➪ *പത്ത് വർഷത്തേക്കാണ് ആദ്യ കാലത്ത് പട്ടയം നൽകിയത്* ➪

**ഗാഡ്ഗിൽ**-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ചർച്ചയായതിനെ തുടർന്ന് ഇടുക്കി ജില്ലയിൽ നിന്നും വീണ്ടും പട്ടയത്തിന് വേണ്ടിയുള്ള മുറവിളികൾ ഉയർന്നു തുടങ്ങിയിരിക്കുകയാണ്. ഇന്നത്തെ ഇടുക്കി ജില്ലയിൽ കുടിയേറ്റം ആരംഭിച്ച കാലം മുതൽ പട്ടയത്തിന് വേണ്ടിയുള്ള ആവശ്യവും ഉയർന്നിട്ടുണ്ട്. ഇടുക്കിയുടെ ചരിത്രം പരിശോധിച്ചാൽ കുടിയിറക്കലും പട്ടയവുമാണ് രാഷ്ട്രീയ കക്ഷികളുടെ വളർച്ചക്ക് വഴിയൊരുക്കിയതെന്ന് കാണാം. അമരാവതി, കീരിത്തോട് കുടിയിറക്കലുകളുടെ പേരിൽ എ.കെ.ജി നടത്തിയിട്ടുള്ള പോരാട്ടങ്ങൾ, മാങ്കുളത്തും വണ്ണപ്പുറത്തും പെരിഞ്ചാംകുട്ടിയിലും പണ്ടികുഴിയിലുമടക്കം നടന്നിട്ടുള്ള കുടിയിറക്ക് എന്നിവയെല്ലാം ആദ്യ ഘട്ടത്തിലെ പട്ടയ സമരങ്ങളുടെ ഭാഗമാണ്. എന്നാൽ, രണ്ടാം

# പട്ടയസമരങ്ങളുടെ പിന്നിലെ യാഥാർത്ഥ്യമെന്ത്? പരിഹാരമെന്ത്?

ഹൈറേഞ്ചിന്റെ വിവിധ ഭാഗങ്ങളിലേക്ക് കർഷകർ കുടിയേറിത്തുടങ്ങിയ കാലം മുതൽ ഉന്നയിക്കപ്പെടുന്ന വിഷയമാണ് പട്ടയം. 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമിയിൽ പ്രവേശിച്ചവർക്ക് പട്ടയം നൽകാനുള്ള സർക്കാർ തീരുമാനം നടപടികളാകാതെ തുടരുകയാണ്. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ വരവോടെ വീണ്ടും ചൂടുപിടിച്ചിരിക്കുന്ന പട്ടയ ചർച്ചകൾക്ക് പരിഹാരം അന്വേഷിക്കുമ്പോൾ എന്തെല്ലാം പരിഗണിക്കപ്പെടണം?

**എം.ജെ. ബാബു**

ഘട്ടത്തിലെ പട്ടയ സമരങ്ങൾ ആരംഭിക്കുന്നത് 1980ലെ കേന്ദ്ര വന നിയമം നിലവിൽ വന്നതിന് ശേഷമാണ്. ഒരു പക്ഷെ, ഒന്നാം പകുതിയിൽ കണ്ടതുപോലുള്ള കുടിയേറ്റം അവസാനിച്ചതും കേന്ദ്ര വനനിയമത്തിന്റെ വരവോടെയാണ്. എന്നാൽ, ഭൂമിക്ക് മേലുള്ള അവകാശത്തിന് വേണ്ടി വൻതോതിലുള്ള കയ്യേറ്റം നടന്നത് ഈ നൂറ്റാണ്ടിലും.

ഇടുക്കിയിൽ ജനവാസം ആരംഭിക്കുന്നത് തേയില, ഏലം, സിങ്കോണ, റബ്ബർ കൃഷിക്ക് വേണ്ടിയായിരുന്നുവെങ്കിലും കുടിയേറ്റം ആരംഭിക്കുന്നത് രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള ഭക്ഷ്യക്ഷാമത്തിന്റെ തുടർച്ചയായിട്ടാണ്. ഗ്രോ മോർ ഫുഡ് എന്ന സർക്കാർ പദ്ധതിയുടെ ഭാഗമായാണ് ഹൈറേഞ്ചിലേക്ക് കുടിയേറ്റം വ്യാപകമാകുന്നത്. പിന്നിട് പട്ടം കോളിനികൾ എന്ന പേരിലും ഹൈറേഞ്ചിന്റെ വിവിധ ഭാഗങ്ങളിലേക്ക് കർഷകരെ കുടിയിരുത്തി. ഇതിന്റെ തുടർച്ചയായാണ് വ്യാപകമായ കുടിയേറ്റത്തിന് മലയോരമേഖല സാക്ഷ്യം വഹിച്ചത്. അന്ന് മുതൽ കുടിയേറ്റ ഭൂമിക്ക് പട്ടയമെന്ന ആവശ്യവും ഉയർന്നു. 1960ൽ ഭൂപരിഷ്കരണ നിയമം വന്നതിന് ശേഷമാണ് പട്ടയം നൽകിത്തുടങ്ങിയത്. അന്നും ഉപാധികളോട് കൂടിയായിരുന്നു പട്ടയം. ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ലെന്ന വ്യവസ്ഥയോടെ, പത്ത് വർഷത്തേക്കാണ് ആദ്യ കാലത്ത് പട്ടയം നൽകിയത്. 1969 നവംബറിൽ കൊണ്ടുവന്ന ഭേദഗതിയോടെ പട്ടയം ഉപാധി രഹിതമായി.

1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമിയിൽ പ്രവേശിച്ചവർക്ക് പട്ടയം നൽകാനുള്ള തീരുമാനം പ്രഖ്യാ

പിക്കുന്നത് 1977ലെ എ.കെ. ആൻറണി സർക്കാരാണ്. പക്ഷെ, നടപടികൾ നീണ്ടതോടെ 1980ലെ കേന്ദ്ര വന നിയമം പ്രാബല്യത്തിലെത്തി. അതോടെ ആരംഭിക്കുന്നു മലയോര കർഷകരുടെ പട്ടയ സമരങ്ങൾ. ജീവിക്കുന്ന ഭൂമിയുടെ അവകാശത്തിന് വേണ്ടിയുള്ള പോരാട്ടമായതിനാൽ, ഏതു രാഷ്ട്രീയ പാർട്ടി വിളിച്ചാലും പ്രതീക്ഷയോടെ കർഷകർ കൊടിപിടിക്കുമെന്നതിനാൽ സമരങ്ങൾക്ക് പഞ്ഞമില്ലാതായി. വിശ്വാസികൾക്ക് വേണ്ടി പള്ളികളും പട്ടയ പ്രശ്നത്തിൽ സജീവമാകുന്നതും ഈ കാലഘട്ടത്തിലാണ്. പരിസ്ഥിതി പ്രവർത്തകരും വനം-പരിസ്ഥിതി മന്ത്രാലയവും മലയോര കർഷകരുടെ ശത്രുവാകുന്നതും 1980ലെ നിയമം നിലവിൽ വന്നതോടെയാണ്. വനഭൂമിയിൽ പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി വേണമെന്ന നിയമമാണ് ഇതിന് കാരണമായത്.



അണക്കര വിമാനത്താവളത്തിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലം

പട്ടയം നൽകാനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ട് 20 വർഷം കഴിയുകയാണ്. എന്നിട്ടും പട്ടയ നടപടികൾ പൂർത്തിയാക്കിയില്ലെങ്കിൽ ആരായിരിക്കും അതിന് ഉത്തരവാദികൾ?

വനഭൂമി പതിച്ച് നൽകാൻ കഴിയില്ലെന്ന് അറിയിച്ച് 1992ൽ കേരളത്തിന്റെ അപേക്ഷ നിരസിച്ചതോടെയാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് എതിരായ സമരത്തിന് തുടക്കമാകുന്നത്. അന്ന് സംസ്ഥാനവും കേന്ദ്രവും ഭരിച്ചിരുന്ന കോൺഗ്രസ് അടക്കമുള്ള രാഷ്ട്രീയ കക്ഷികൾ സമരവുമായി രംഗത്തു വന്നു. ഒടുവിൽ 1993 മാർച്ചിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പട്ടയത്തിന് അനുമതി നൽകുന്നതുവരെ ആ സമരം തുടർന്നു. 1977 ജനുവരി ഒന്നിന് മുമ്പ് കൃഷി ഭൂമിയായി മാറിയ 28588.159 ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകാനാണ് അനുമതി നൽകിയത്. ഇതിൽ 20384.59 ഹെക്ടർ 1977 ജനുവരി ഒന്നിന് മുമ്പ് ഏലം ഇതര കൃഷിക്കായി മാറ്റിയ ഇടുക്കിയിലെ ഏലമലക്കാടുകളാണ്. ചാലക്കുടി, തൃശൂർ, മൂന്നാർ, കോതമംഗലം, മലയാറ്റൂർ, കോട്ടയം (ഇടുക്കി ജില്ലയിൽ), പെരിയാർ, കോന്നി, തെന്മല വനം ഡിവിഷനുകളിലാണ് ഭൂമി പതിച്ച് നൽകാൻ അനുമതി ലഭിച്ചത്. ഇരട്ടി സ്ഥലത്ത് ബദൽവനവൽക്കരണം തുടങ്ങി നിബന്ധനകൾക്ക് വിധേയമായാണ് കേന്ദ്രം അനുമതി നൽകിയതെങ്കിലും അതൊന്നും പാലിക്കപ്പെട്ടില്ലെന്നത് മറ്റൊരു കാര്യം.

കേന്ദ്രാനുമതി ലഭിച്ചതോടെ പട്ടയ പ്രശ്നം അവസാനിക്കുമെന്ന് കരുതിയതാണ്. പക്ഷെ, തിരുവാങ്കുളം നേച്ചർ ലവേഴ്സ് മൂവ്മെൻറ് ഹൈക്കോടതിയിൽ നൽകിയ ഹരജിയോടെ പട്ടയ നടപടികൾ സ്തംഭിച്ചു. പരിസ്ഥിതി പ്രവർത്തകർ വീണ്ടും മലയോര കർഷകരുടെ ശത്രുവായി. സുപ്രീംകോടതി പട്ടയ നടപടികൾക്ക് സാധുത നൽകിയതോടെ പട്ടയ വിതരണം പുനരാരംഭിച്ചുവെങ്കിലും പുതിയ പ്രശ്നങ്ങൾ ആരംഭിക്കുകയായിരുന്നു. പട്ടയം അന്യാധീനപ്പെടുത്താൻ പാടില്ലെന്നും മറ്റുമുള്ള വ്യവസ്ഥകൾ മാറ്റണമെന്ന ആവശ്യവുമായി മലയോര ജനത സമരം തുടരവെയാണ് ഡോ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് വരുന്നത്. റിപ്പോർട്ട് വായിച്ചവരും വായിക്കാത്തവരും തെരുവിലെത്തി. ഇതിന്റെ തുടർച്ചയായി കസ്തൂരിരംഗൻ റിപ്പോർട്ട് വന്നപ്പോഴും അവസ്ഥക്ക് മാറ്റമുണ്ടായില്ല. ഭൂമിക്ക് പട്ടയം കിട്ടില്ലെന്നും നഷ്ട പരിഹാരം നൽകാതെ സ്ഥലം സർക്കാർ ഏറ്റെടുക്കുമെന്നുമുള്ള പ്രചരണമാണ് ഈ റിപ്പോർട്ടുകൾക്കെതിരെ കർഷകരെ തെരുവിലിറക്കിയത്.

കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നവംബർ 13ന് പുറപ്പെടുവിച്ച ഉത്തരവും നവംബർ 16ന് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടവും അനുസരിച്ച് ഖനനം, പാറഖനനം, മണൽ ഖനനം, താപവൈദ്യുതി നിലയങ്ങൾ,

➪ *അണക്കര വിമാനത്താവള കമ്പനിയേയും ഇതിനോട് ചേർത്ത് വായിക്കണം* ➪

20,000 ചതുരശ്ര മീറ്ററോ അതിനു മുകളിലോ ഉള്ള കെട്ടിടങ്ങൾ/മറ്റ് നിർമാണ പ്രവർത്തനങ്ങൾ, 50 ഹെക്ടറും അതിന് മുകളിലും വിസ്തീർണമുള്ളതും അഥവാ നിർമിത വിസ്തൃതി 1,50,000 ചതുരശ്ര മീറ്ററും അതിനു മുകളിലും ഉള്ളതുമായ ടൗൺഷിപ്പും ഭൂവികസന പ്രവർത്തനങ്ങളും, ചുവന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ എന്നീ പ്രവർത്തനങ്ങൾക്ക് മാത്രമാണ് നിരോധനം. പട്ടയ വിതരണം, ഭൂമി കൈമാറ്റം, കരം ഈടാക്കൽ, വിനോദ സഞ്ചാര പ്രവർത്തനങ്ങൾ എന്നിവക്കൊന്നും കസ്തൂരിരംഗൻ റിപ്പോർട്ട് ബാധകമല്ല. എന്നിട്ടും ഈ റിപ്പോർട്ടിന് എതിരെ ശക്തമായ സമരം നടത്തിയതിന് പിന്നിലെ ശക്തി ആരെന്നാണ് അറിയേണ്ടത്. പാറ, മണൽ ഖനന ലോബി മാത്രമാണെന്ന് പറയാൻ കഴിയില്ല. അണക്കര വിമാനത്താവള കമ്പനിയേയും ഇതിനോട് ചേർത്ത് വായിക്കണം.

ഇതോടൊപ്പം കർഷകരെ ഭീതിപ്പെടുത്താൻ വനം വകുപ്പിന്റെ പല നടപടികളും കാരണമായിട്ടുണ്ട്. പരിസ്ഥിതി ദുർബല പ്രദേശമായി (ഇ.എഫ്.എൽ) പ്രഖ്യാപിക്കപ്പെട്ട ഭൂമിയുടെ കരം ഈടാക്കുന്നത് നിർത്തിവെക്കാൻ ആവശ്യപ്പെട്ട് കാന്തല്ലൂർ റെയ്ഞ്ച് ആഫീസർ കീഴാന്തുർ വില്ലേജ് ആഫീസർക്ക് കത്ത് നൽകിയത് കസ്തൂരിരംഗൻ റിപ്പോർട്ട് വന്നതിന് ശേഷമാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്ന ഇ.എസ്.എയും ഇ.എഫ്.എല്ലും സംബന്ധിച്ച വിത്യാസമറിയാത്ത കർഷകരിൽ ആശങ്ക സൃഷ്ടിക്കാൻ ചിലർ ഇതൊരു അവസരമായെടുത്തു. വോട്ട് മാത്രം ലക്ഷ്യമിടുന്ന രാഷ്ട്രീയ കക്ഷികൾ റെയ്ഞ്ച് ആഫീസറുടെ നോട്ടീസിന്റെ പതിനായിരക്കണക്കിന് കത്തുകൾ മലയോര മേഖലകളിൽ വിതരണം ചെയ്തിട്ടുണ്ട്.

ഇ.എഫ്.എൽ സംബന്ധിച്ച ആശങ്ക തീർച്ചയായും പരിഹരിക്കപ്പെടണം. ചിലയിടങ്ങളിലെങ്കിലും ചെറുകിട കർഷകരുടെ ഭൂമി ഇ.എഫ്.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാരം പോലും ലഭിക്കാതെ ഭൂമി നഷ്ടപ്പെടുന്ന കർഷകരുടെ വേദന കാണാതിരിക്കരുത്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്ന ഇ.എസ്.എ അല്ല, ഇ.എഫ്.എൽ എന്ന് മലയോരജനതയെ ബോധ്യപ്പെടുത്താൻ കഴിയണം. ഇ.എസ്.എയിൽ വനം വകുപ്പിന് യാതൊരു പങ്കാളിത്തവുമില്ലെന്ന് അവർ മനസിലാക്കണം. എന്നാൽ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ് പലർക്കും താൽപര്യം. പരിസ്ഥിതി വകുപ്പും പരിസ്ഥിതി പ്രവർത്തകരും മുൻകാലങ്ങളിൽ പട്ടയ വിതരണത്തിന് തടസ്സം നിന്നതിനാലുണ്ടായ ശത്രുതയും മലയോരജനതയെ യാഥാർത്ഥ്യം ബോധ്യപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ട് ഉയർത്തിക്കാട്ടി പട്ടയ സംബന്ധമായ തർക്കങ്ങൾക്ക് പരിഹാരം കാണാനുള്ള സമ്മർദ്ദ തന്ത്രമാണ് ഇപ്പോൾ നടക്കുന്നത്. പട്ടയഭൂമി അന്യാധീനപ്പെടുത്താൻ പാടില്ലെന്നുള്ള വ്യവസ്ഥ പിൻവലിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. ഉപേക്ഷിക്കപ്പെട്ട വൈദ്യുതി പദ്ധതി പ്രശ്നങ്ങളിലെ കൈവശക്കാർക്കും ജലസംഭരണികളുടെ പത്ത് ചെയിൻ പ്രദേശത്തും പട്ടയം, പതിച്ച് നൽകുന്ന ഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള പരിധി പിൻവലിക്കുക തുടങ്ങിയവയാണ് മറ്റ് അജണ്ടകൾ. ഇതിനൊക്കെ സംസ്ഥാന സർക്കാർ പച്ചക്കൊടി കാട്ടി കഴിഞ്ഞു. ഇടുക്കിയിൽ 7400 ഹെക്ടർ ഭൂമിക്ക് കൂടി പട്ടയം നൽകാൻ തീരുമാനമായിട്ടുണ്ട്.

പട്ടയം നൽകാനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ട് 20 വർഷം കഴിയുകയാണ്. എന്നിട്ടും പട്ടയ നടപടികൾ പൂർത്തിയാക്കിയില്ലെങ്കിൽ ആരായിരിക്കും അതിന് ഉത്തരവാദികൾ? വളരെ കുറച്ച് കാലം ഹൈക്കോടതിയുടെ സ്റ്റേയിൽ പട്ടയ വിതരണം തടസപ്പെട്ടുവെന്നത് നേരാണ്. എന്നാൽ, അതിൻെറ മറവിൽ ഭൂമി പതിവ് ഓഫീസുകൾ അടച്ചുപൂട്ടുകയും സർവേ നടപടികൾ നിറുത്തിവയ്ക്കുകയും ചെയ്ത സർക്കാറിത്തന്നെയാണ് പ്രതിക്കൂട്ടിൽ നിർത്തേണ്ടത്. 2012 മാർച്ച് 20ന് നിയമസഭയിൽ നൽകിയ മറുപടി പ്രകാരം, ഇടുക്കി ജില്ലയിൽ 127204 പേരുടെ പട്ടയ അപേക്ഷകൾ വിവിധ ഭൂമി പതിവ് ആഫീസുകളിലുണ്ട്. തൊടുപുഴ താലൂക്കിൽ 20356, പീരുമേടിൽ 5083, ഉടുമ്പഞ്ചോലയിൽ 100343, ദേവികുളം 1422 എന്നിങ്ങനെയാണിത്. പട്ടയ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കപ്പെടണം. അതല്ലെങ്കിൽ 1.1.1977ൻെറ മറവിൽ പുതിയ കയ്യേറ്റങ്ങളും പതിച്ച് നൽകുമെന്നതിൽ തർക്കമില്ല. മൂന്നാറും ചിന്നക്കനാലും പള്ളിവാസലും ഇതിന് ഉദാഹരണമാണ്. ഇവിടങ്ങളിൽ 1996ന് ശേഷമാണ് കയ്യേറ്റമുണ്ടായത്. ചിന്നക്കനാൽ, പള്ളിവാസൽ, ബൈസൺവാലി വില്ലേജുകളിലെ ഏലമല ക്കാടുകൾ റിസോർട്ടുകളായി മാറിയതും 1996ന് ശേഷമാണ്. വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ഉൾപ്പെടാത്ത ഈ ഏലമലക്കാടുകൾക്ക് എങ്ങനെയാണ് പട്ടയം നൽകിയതും ഭൂമി പോക്ക് വരവ് ചെയ്തതും? ■